ഒറ്റപ്പാലം സബ്കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് എംപി, എം.എൽ.എ., ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റി എല്ലാ മാസവും യോഗം കൂടി അട്ടപ്പാടിയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിങ്ങും ചെയ്യുവരുന്നുണ്ട്.

കുഞ്ഞുങ്ങളുടെ പോഷണ നിലവാരത്തിന്റെ നിരീക്ഷണവും, ഗർഭകാല പരിചരണങ്ങളുടെ നിരീക്ഷണം, ജാതക്-ജനനി സോഫ്റ്റ് വെയർ സംവിധാനംവഴി ആരോഗ്യ വകുപ്പ് പ്രത്യേകമായി ചെയ്യുവരുന്നുണ്ട്.

(സി) അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ശിശുമരണങ്ങൾ, ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തര അവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, ഭാക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മമാർക്കുവേണ്ട ഗർഭകാല പരിചരണവും, കുഞ്ഞുങ്ങൾക്കുവേണ്ട ഫീൽഡുതല പരിശോധനകളും പരിചരണവും, ആരോഗ്യ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്. ഏതെങ്കിലും വിഭാഗം ജീവനക്കാരുടെ വീഴ്ചയുള്ളതായി കാണാൻ കഴിയില്ല. ആയതിനാൽ ഇക്കാര്യത്തിൽ നടപടികളെടുത്തിട്ടില്ല.

ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഘടകങ്ങളായ ആഹാരം, ശുദ്ധമായ കുടിവെള്ളം, സ്ഥിരം വരുമാനം, തൊഴിൽ താമസ സൗകര്യങ്ങൾ തുടങ്ങിയവയാണ്. ഇക്കാര്യത്തിൽ ഇപ്പോഴും ഈ മേഖലയിൽ പോരായ്മകളുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകൾ ഏകോപിച്ച് ചെയ്യുവരുന്നുണ്ട്.

വരൾച്ച നേരിടാൻ സ്വീകരിച്ച മുൻകരുതലുകൾ

5 (*65) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു ടി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

കേരളം അതിരൂക്ഷമായ വരൾച്ച നേരിടാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് എന്തൊക്കെ മുൻകരുതലുകളാണ് ജലവിഭവവകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

ജലസേചന വകുപ്പ്

കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളത്തിനും കൃഷി നിലനിർത്തുന്നതിനുമായി മണൽചാക്കിട്ട് വെള്ളം ഒഴുകിപ്പോകാതെ താല്ക്കാലിക തടയണ കെട്ടുക, കുളങ്ങളുടെ പുനരുദ്ധാരണം, കനാലുകളിലെ ചെളി നീക്കി നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പുവെള്ളം തടയാൻ താല്ക്കാലിക ബണ്ടുകൾ ഇടുക മുതലായ ഹ്രസ്വകാല പദ്ധതികൾ ജലസേചന വകുപ്പ് നടപ്പാക്കി വരുന്നു.

കേരള ജല അതോറിറ്റി

ഈ വർഷത്തെ വരൾച്ച നേരിടുന്നതിന് മുന്നോടിയായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പമ്പുസെറ്റുകളുടേയും പൈപ്പ് ലൈനുകളുടേയും അറ്റകുറ്റപ്പണികൾ, ജലലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടൽ, ഡൈവർഷൻ ചാനലുകൾ വഴി നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുക, ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുക, കഴൽക്കിണറുകൾ ഫ്ളഷ് ചെയ്യുക, പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം ലഭ്യമാക്കുക എന്നീ നടപടികൾ ജല അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ്

വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പ്, കഴൽകിണർ നിർമ്മിക്കുക, ഹാൻഡ് പമ്പ് സ്കീം, ചെറുകിട കുടിവെള്ള പദ്ധതി, ഹാൻഡ് പമ്പ് റിപ്പയർ പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം

6 (*66) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly